I/62893/2024

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ :I/62893/2024 തീയതി: 24-01-2024

# സർക്കുലർ

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം - സമ്മേളനക്കാലയളവിൽ പാലിക്കേണ്ട നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 16.01.2024 തീയതിയിലെ പി 1/42/2024/ഉ.വി.വ. നമ്പർ സർക്കാർ കത്ത്

**പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2024 ജനുവരി 25 മുതൽ മാർച്ച് 27 വരെ** നിശ്ചയിച്ചിരിക്കുന്ന വിവരം സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. സമ്മേളന ദിവസങ്ങളിൽ സഭാ ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതുമാണ്. **ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ മുൻകൂർ അനുമതിയോടെ അവധിയിൽ പ്രവേശിച്ചാൽ ഉടൻ ഇതിലേക്ക് പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.** അപൂർണവും,അവ്യക്തവും, തെറ്റായതുമായ വിവരങ്ങൾക്കും മറുപടി നൽകുന്നതിലുള്ള കാലതാമസത്തിനും സ്ഥാപന മേധാവിയും, ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും, ക്ലാർക്കും ഉത്തരവാദിയായിരിക്കുന്നതാണ്. സ്ഥാപന മേധാവികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. **മറുപടി വിവരങ്ങൾ, വിഷയം ആയി ചോദ്യ നമ്പർ ഉൾപ്പെടുത്തി eadtekerala@gmail.com എന്ന ഇ- മെയിൽ വിലാസത്തിലും ലഭ്യമാക്കേണ്ടതാണ്.**

**Sunil Kumar C V**
**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവിമാർക്കും (ഡി.ടി.ഇ വെബ്സൈറ്റ് വഴി)
കരുതൽ സഞ്ചയം

Signed by
Sunil Kumar C V
Date: 24-01-2024 11:28:19